# ഇത്തിബാഉന്റെ മതവിധി

**ഗ്രന്ഥകർത്താവ്:** ശൈഖ് ഫൈസൽ ഇബ്ൻ അലി അൽ ബുഅ്ദാനി
**അവലംബ ഗ്രന്ഥം:** الإتباع على ضوع الوحيين
**വിവർത്തനം:** അബ്ദുൽ ജബ്ബാർ അബ്ദുല്ല

തൻെറ രക്ഷിതാവിൽനിന്ന് പ്രവാചകൻﷺ കൊണ്ടുവന്നതിൽ അദ്ദേഹത്തെ ഇത്തിബാഅ് ചെയ്യലും പ്രവാചകമാതൃക പിൻപറ്റലും ദീനിൽ സ്ഥിരപ്പെട്ടകാര്യമാണ്. ഒരാൾക്കും ആ വിഷയത്തിൽ അജ്ഞത പാടില്ല; കാരണം അത് മതത്തിൽ അനിവാര്യമായും അറിയപ്പെട്ട സംഗതിയാണ്. ആ വിഷയത്തിലുള്ള തെളിവുകളുടെ ആധിക്യവും അടിക്കടിയെന്നോണം അവയുടെ പരാമർശങ്ങളും വെച്ച് നോക്കിയാണ് ഈ വിധി പ്രഖ്യാപനം. പ്രസ്തുത വിഷയത്തിലുള്ള ഏതാനും തെളിവുകൾ:

അല്ലാഹു ﷻ പറയുന്നു:

وَمَآ ءَاتَىٰكُمُ ٱلرَّسُولُ فَخُذُوهُ وَمَا نَهَىٰكُمْ عَنْهُ فَٱنتَهُوا۟

‘‘നിങ്ങൾക്കു റസൂൽ നൽകിയതെന്തോ അത് നിങ്ങൾ സ്വീകരിക്കുക. എന്തൊന്നിൽനിന്ന് അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽനിന്ന് നിങ്ങൾ ഒഴിഞ്ഞ് നിൽക്കുകയും ചെയ്യുക.....” (വി.ക്വു. 59:7)

പ്രസ്തുത വചനം വിശദീകരിച്ച് ഇമാം ഇബ്നു കഥീർ رحمه الله പറഞ്ഞു: “അദ്ദേഹം എന്തുതന്നെ നിങ്ങളോട് കൽപ്പിക്കട്ടെ, അത് നിങ്ങൾ പ്രാവർത്തികമാക്കുക. എന്തൊന്ന് വിരോധിക്കുന്നുവോ അതിൽനിന്നും വിട്ടുനിൽക്കുക. കാരണം അദ്ദേഹം നല്ലത് മാത്രമേ കൽപ്പിക്കൂ. ചീത്ത മാത്രമേ വിരോധിക്കൂ” [1]

ഇമാം ശൗകാനി رحمه الله പ്രസ്തുത ആയത്ത് ‘ഫൈഅ്’ സ്വത്തിന് (യുദ്ധം കൂടാതെ മുസ്ലിംകൾക്ക് അധീനമാകുന്ന സ്വത്ത്) പ്രത്യേകമായി ഇറങ്ങിയതാണെന്ന് തോന്നിപ്പിക്കുന്ന ചില അഭിപ്രായങ്ങൾ എടുത്ത് ഉദ്ധരിച്ചശേഷം പറയുന്നു: “യഥാർത്ഥത്തിൽ പ്രസ്തുത ആയത്ത് എല്ലാ കാര്യങ്ങൾക്കും പൊതുവിലാണ്. അഥവാ റസൂൽﷺ കൊണ്ടുവന്ന കൽപന, നിരോധം, വാക്ക്, പ്രവൃത്തി തുടങ്ങിയവക്കെല്ലാം. അവതരണ പശ്ചാതലകാരണം പ്രത്യേകമാണെങ്കിലും വന്നിറങ്ങിയ വാക്യമറിയിക്കുന്ന വിശാല താൽപര്യമാണ് പരിഗണനീയം. അല്ലാതെ പ്രത്യേകമായ ആ കാരണം മാത്രമല്ല. ശറഇൽ നിന്ന് അദ്ദേഹം നമ്മുടെ അടുക്കലേക്ക് കൊണ്ടുവന്നതെല്ലാം നമുക്കദ്ദേഹം എത്തിക്കുകയും കൈമാറുകയും

[1] ഇബ്നു കഥീർ, തഫ്സീറുൽ ഖുർആനിൽ അദീം 4:336

ചെയ്തു. ഈയൊരു വചനം എത്ര ഫലപ്രദം, അതിലടങ്ങിയിരിക്കുന്ന അറിവുകളെത്രയാണ്."[2]

അല്ലാഹുﷻ പറഞ്ഞു :

فَلَا وَرَبِّكَ لَا يُؤْمِنُونَ حَتَّىٰ يُحَكِّمُوكَ فِيمَا شَجَرَ بَيْنَهُمْ ثُمَّ لَا يَجِدُوا فِي أَنفُسِهِمْ حَرَجًا مِّمَّا قَضَيْتَ وَيُسَلِّمُوا تَسْلِيمًا

“ഇല്ല, നിൻെറ രക്ഷിതാവിനെത്തന്നെയാണ സത്യം; അവർക്കിടയിൽ ഭിന്നതയുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധികർത്താവാക്കുകയും, നീ വിധി കൽപിച്ചതിനെപ്പറ്റി പിന്നീടവരുടെ മനസ്സുകളിൽ ഒരു വിഷമവും തോന്നാതിരിക്കുകയും, അത് പൂർണ്ണമായി സമ്മതിച്ച് അനുസരിക്കുകയും ചെയ്യുന്നതുവരെ അവർ വിശ്വാസികളാവുകയില്ല.”

പ്രസ്തുത സൂക്തം വിവരിച്ച് ഇമാം ഇബ്നു കഥീർ رحمه الله പറയുന്നു: "അല്ലാഹു വിശിഷ്ടവും വിശുദ്ധവുമായ തൻെറ സത്തയെ കൊണ്ട് സത്യം ചെയ്ത് പറയുന്നു: മുഴുവൻ കാര്യങ്ങളിലും റസൂലുല്ലാഹിﷺയെ വിധികർത്താവാക്കുന്നതു വരെ ഒരാളും വിശ്വാസിയാവുകയില്ല. അദ്ദേഹം എന്തൊന്ന്, വിധിച്ചുവോ അതത്രെ പരസ്യമായും രഹസ്യമായും കീഴൊതുങ്ങൽ നിർബന്ധമായ യാഥാർത്ഥ്യം. അതുകൊണ്ടാണ്, അല്ലാഹു പറയുന്നത്,

ثُمَّ لَا يَجِدُوا فِي أَنفُسِهِمْ حَرَجًا مِّمَّا قَضَيْتَ وَيُسَلِّمُوا تَسْلِيمًا

“…....നീ വിധി കൽപിച്ചതിനെപ്പറ്റി പിന്നീടവരുടെ മനസ്സുകളിൽ ഒരു വിഷമവും തോന്നാതിരിക്കുകയും, അത് പൂർണ്ണമായി സമ്മതിച്ച് അനുസരിക്കുകയും ചെയ്യുന്നതുവരെ (അവർ വിശ്വാസികളാവുകയില്ല)”

അഥവാ നിങ്ങളെ അവർ വിധികർത്താവാക്കിയാൽ അവരുടെ മനസാ അവർ നിങ്ങളെ അനുസരിക്കും. നിങ്ങൾ വിധിച്ചതിൽ യാതൊരു ബുദ്ധിമുട്ടും അവർ തങ്ങളിൽ കാണുകയുമില്ല. വ്യംഗ്യമായും വ്യക്തമായും അവർ ആ വിധിക്ക് കീഴൊതുങ്ങും. മനസാ വാചാ കർമ്മണാ അവർ തങ്ങളെ അതിന് സമർപ്പിക്കുകയും ചെയ്യും; വിസമ്മതമോ, എതിർപ്പോ എതിർവാദമോ ഇല്ലാതെ" [3]

അല്ലാമാ സഅ്ദീ رحمه الله പറയുന്നു.: പിന്നീട് അല്ലാഹുﷻ തൻെറ ഉന്നത സത്തകൊണ്ട് സത്യം ചെയ്തു പറഞ്ഞു: നിശ്ചയം അവർ അവൻെറ റസൂൽﷺയെ വിധികർത്താവാക്കുന്നതുവരെ അവർ വിശ്വാസിയാവുകയില്ല.

[2] ശൗക്കാനി, ഫത്ഹുൽഖദീർ 5:282
[3] ഇബ്നു കഥീർ, തഫ്സീറുൽ ഖുർആനിൽ അദീം 1:520

## فِيمَا شَجَرَ بَيْنَهُمْ

"തങ്ങൾക്കിടയിൽ ഭിന്നതയുണ്ടാക്കുന്ന കാര്യങ്ങളിൽ" അഥവാ അഭിപ്രായവ്യത്യാസമുണ്ടാകുന്ന എല്ലാകാര്യങ്ങളിലും. [4]

അല്ലാഹു ﷻ പറഞ്ഞു :

فَلْيَحْذَرِ ٱلَّذِينَ يُخَالِفُونَ عَنْ أَمْرِهِۦٓ أَن تُصِيبَهُمْ فِتْنَةٌ أَوْ يُصِيبَهُمْ عَذَابٌ أَلِيمٌ

"...ആകയാൽ അദ്ദേഹത്തിൻെറ കല്പനക്ക് എതിർ പ്രവർത്തിക്കുന്നവർ തങ്ങൾക്ക് വല്ല ആപത്തും വന്ന് ഭവിക്കുകയോ, വേദനയേറിയ ശിക്ഷ ബാധിക്കുകയോ ചെയ്യുന്നത് സൂക്ഷിച്ചു കൊള്ളട്ടെ" (വി.ക്വു. 24:63)

ഇമാം ഇബ്നു കഥീർ رحمه الله പറയുന്നു:

﴿ فَلْيَحْذَرِ ٱلَّذِينَ يُخَالِفُونَ عَنْ أَمْرِهِۦٓ ﴾

"...ആകയാൽ അദ്ദേഹത്തിൻെറ കല്പനക്ക് എതിർ പ്രവർത്തിക്കുന്നവർ സൂക്ഷിച്ചുകൊള്ളട്ടെ.." എന്ന വാക്കിലെ അദ്ദേഹത്തിൻെറ കൽപനക്ക്" എന്നാൽ റസൂൽﷺയുടെ കൽപനയാണ് അർത്ഥമാക്കുന്നത്. അത് റസൂൽﷺയുടെ മാർഗ്ഗവും വഴിയും ത്വരീക്വത്തും സുന്നത്തും ശരീഅത്തുമാകുന്നു. ലോകരുടെ വാക്കുകളും പ്രവൃത്തികളും പ്രവാചകൻെറ വാക്കുകളും പ്രവൃത്തികളുമായി തൂക്കി നോക്കപ്പെടണം. പ്രവാചകൻﷺയോട് ഒത്തത് സ്വീകരിക്കപ്പെടും എതിരായാലോ അത് പറഞ്ഞവനിലേക്കും ചെയ്തവനിലേക്കും തള്ളപ്പെടും, അവർ ആരാകട്ടെ" [5]

ഇർബാദ് ഇബ്നു സാരിയാرضي الله عنهവിൽനിന്ന് നിവേദനം:

أَنَّ رَسُولُ الله ﷺ وَعَظَ النَّاسَ ، فَقَالُوا : يَا رَسُولَ اللهِ ، إِنَّ هَذِهِ لَمَوْعِظَةُ مُوَدِّعٍ ، فَمَاذَا تعهد عَلَيْنَا ؟ قَالَ : قَدْ تَرَكْتُكُمْ عَلَى الْبَيْضَاءِ ، لَيْلُهَا كَنَهَارِهَا ، لا يَزِيغُ عَنْهَا بَعْدِي إِلاَّ هَالِكٌ

"നിശ്ചയം അല്ലാഹുവിൻെറ റസൂൽﷺ ജനങ്ങളെ ഉപദേശിച്ചു. അവർ പറഞ്ഞു: അല്ലാഹുവിൻെറ ദൂതരേ, ഒരു വിട വാങ്ങുന്നവൻെറ ഉപദേശമാണല്ലോ ഇത്. നിങ്ങൾ ഞങ്ങളോട് എന്താണ് അനുശാസിക്കുന്നത്? അദ്ദേഹം പറഞ്ഞു: ഞാൻ നിങ്ങളെ വെളുത്ത് തെളിഞ്ഞ ഒരു പ്രതലത്തിലാണ് വിട്ടേക്കുന്നത്; അതിൻെറ രാവും പകലും ഒരു പോലെയാണ്. എൻെറ കാലശേഷം അതിൽനിന്ന് നാശകാരിയല്ലാതെ തെറ്റുകയില്ല" [6]

---

[4] തഫ്സീറുസ്സഅ്ദി 2:93
[5] ഇബ്നു കഥീർ, തഫ്സീറുൽ ഖുർആനിൽ അദീം 3:307
[6] അൽബാനി, സ്വഹിഹ് ഇബ്നുമാജ 1:13

അബ്ദുല്ലാഹിബ്നു അംറ്ﷺവിൽ നിന്ന് നിവേദനം, അദ്ദേഹം പറഞ്ഞു: അല്ലാഹുവിൻെറ റസൂൽﷺ പറഞ്ഞു:

فَمَنْ رَغِبَ عَنْ سُنَّتِي فَلَيْسَ مِنِّي

“ആരെങ്കിലും എൻെറ സുന്നത്തിനോട് വിമുഖനായോ അവൻ എന്നിൽ പെട്ടവനല്ല”. [7] പ്രസ്തുത ഹദീഥിനെ വിശദീകരിച്ച് ഇമാം ഇബ്നു ഹജർ رحمه الله പറഞ്ഞു: "ഹദീസിൽ സുന്നത്ത് കൊണ്ടുള്ള വിവക്ഷ, മാർഗ്ഗം എന്നാണ് അല്ലാതെ ഫർദിന് അഭിമുഖമായി (ചെയ്താൽ കൂലിയുള്ളതും ഉപേക്ഷിച്ചാൽ കുറ്റമില്ലാത്തതും എന്ന വിവക്ഷയുള്ള) സുന്നത്തല്ല. ഒരു വസ്തുവോട് വിമുഖനാകുകയെന്നാൽ അതിൽനിന്ന് വേറൊന്നിലേക്ക് തിരിയുകയെന്നാണ്. എൻെറ മാർഗ്ഗം ആര് ഉപേക്ഷിക്കുകയും എൻേറതല്ലാത്തവരുടെ മാർഗ്ഗം സ്വീകരിക്കുകയും ചെയ്തോ അവൻ എന്നിൽ പെട്ടവനല്ല എന്നതാണ് ഹദീഥിൻെറ ഉദ്ദേശം."[8]

[7] ബുഖാരി: 5063

[8] അസ്ഖലാനി, ഫത്ഹുൽബാരി 9:7